# ‘വൈഗ’ പ്രദർശനം ഇന്നുമുതൽ; മുന്നൂറോളം സ്റ്റാളുകൾ; നാലു വേദികളിൽ സെമിനാറുകൾ

**തൃശൂർ:** കാർഷികോൽപന്ന സംസ്കരണം മൂല്യ വർധന അടിസ്ഥാനമാക്കി കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രദർശനവും ശിൽപശാലയുമായ വൈഗ-2017ന് വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് ബുധനാഴ്ച തിരിതെളിയും. ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും. കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷത വഹിക്കും. വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് സംസാരിക്കും.

മൂല്യവർധിത ഉൽപന്ന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, സ്വകാര്യ ഏജൻസികൾ, കർഷക സംഘങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരടക്കം മുന്നൂറോളം പ്രദർശന സ്റ്റാളുകൾ സജ്ജമായി. സാങ്കേതികവിദ്യ പ്രദർശനം, യുവകർഷക സംഗമം, പാക്കേജിങ് സാങ്കേതികവിദ്യ പരിശീലനം, സ്കൂൾ വിദ്യാർഥികൾക്ക് മത്സരങ്ങൾ എന്നിവ ഉണ്ടാകും. തേൻ, വാഴപ്പഴം, നാളികേരം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നാലുവേദികളിലായി നടക്കുന്ന സെമിനാറുകളിൽ മലേഷ്യ, ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങി ഇരുപതോളം രാജ്യങ്ങളിലെ ഗവേഷകർ പങ്കെടുക്കും.

ആദ്യദിനത്തിൽ ഭക്ഷ്യ സംസ്കരണ മേഖലയിലെ മുന്നേറ്റങ്ങൾ, ഭക്ഷ്യ സുരക്ഷാമാനദണ്ഡങ്ങൾ, ലൈസൻസിങ്, പാക്കേജിങ് തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിങ് ടെക്നോളജി ആൻഡ് മാനേജ്മെൻറ്, ഭക്ഷ്യോൽപന്നങ്ങളുടെ കയറ്റുമതി രംഗത്തെ നോഡൽ ഏജൻസിയായ അപേഡ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രമുഖർ വിഷയം അവതരിപ്പിക്കും. 31ന് നടക്കുന്ന സമാപന സമ്മേളനം സ്പീക്കർ ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വിവിധ സെഷനുകളിലായി മന്ത്രിമാരായ ടി.പി. രാമകൃഷ്ണൻ, കെ.ടി. ജലീൽ, എ.സി. മൊയ്തീൻ എന്നിവർ പങ്കെടുക്കും.

Madhyamam 27.12.17